പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം: 5337 — 23-05-2017- ൽ മറുപടിയ്ക്ക്

## വിധവകൾക്കുള്ള ഭവന പദ്ധതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി.ബി. അബ്ദുൽ റസ്സാക്ക്** | | **ശ്രീ. കെ.ടി. ജലീൽ (തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി)** | |
| (എ) | ന്യൂനപക്ഷ ക്ഷേമ വകുപ്പ് നടപ്പിലാക്കുന്ന വിധവകൾക്കുള്ള ഭവന പദ്ധതിയിൽ 2016-17 സാമ്പത്തിക വർഷം എത്ര ഗുണഭോക്താക്കളെ തിരഞ്ഞെടുത്തിട്ടുണ്ട്; ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ; | (എ) | അനുബന്ധം ഒന്നായി ചേർത്തിട്ടുണ്ട്. |
| (ബി) | പ്രസ്തുത സാമ്പത്തിക വർഷം തിരഞ്ഞെടുത്ത ഗുണഭോക്താക്കൾക്ക് എത്ര തുക നൽകിയിട്ടുണ്ട്; ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ; | (ബി) | അനുബന്ധം രണ്ടായി ചേർത്തിട്ടുണ്ട്. |
| (സി) | നിലവിൽ ഏത് വകുപ്പാണ് പ്രസ്തുത ഭവന നിർമ്മാണ പദ്ധതി നിർവ്വഹണം നടത്തുന്നത്; ഈ പദ്ധതി തദ്ദേശസ്വയംഭരണ വകുപ്പ് മുഖേന നടപ്പിലാക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ? | (സി) | നിലവിൽ സംസ്ഥാന ന്യൂനപക്ഷക്ഷേമ വകുപ്പും, റവന്യൂ വകുപ്പും ചേർന്നാണ് വിധവ/വിവാഹബന്ധം വേർപ്പെടുത്തിയ/ ഉപേക്ഷിക്കപ്പെട്ട സ്ത്രീകൾക്കുള്ള ഇമ്പിച്ചിബാവ ഭവന നിർമ്മാണ പദ്ധതി നടപ്പിലാക്കി വരുന്നത്. പദ്ധതി തദ്ദേശസ്വയംഭരണ വകുപ്പ് മുഖേന നടപ്പിലാക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ

ന്യൂനപക്ഷക്ഷേമ വകുപ്പ് നടപ്പിലാക്കുന്ന വിധവ/വിവാഹബന്ധം വേർപ്പെടുത്തിയ/ഉപേക്ഷിക്കപ്പെട്ട സ്ത്രീകൾക്കുള്ള ഇമ്പിച്ചിബാവ ഭവന നിർമ്മാണ പദ്ധതിയിൽ 2016-17 സാമ്പത്തിക വർഷത്തിൽ തെരഞ്ഞെടുക്കപ്പെട്ട ഗുണഭോക്താക്കളുടെ വിവരം ജില്ല തിരിച്ച് ചുവടെ ചേർക്കുന്നു.

| ജില്ല | അനുവദിച്ച വീടുകളുടെ എണ്ണം | അന്തിമ ലിസ്റ്റിൽ ഉൾപ്പെട്ട ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തിരുവനന്തപുരം | 90 | അന്തിമലിസ്റ്റ് പൂർത്തിയായി വരുന്നു. |
| കൊല്ലം | 70 | 119 |
| പത്തനംതിട്ട | 35 | 98 |
| ആലപ്പുഴ | 90 | 138 |
| കോട്ടയം | 50 | 78 |
| ഇടുക്കി | 65 | 99 |
| എറണാകുളം | 50 | അന്തിമലിസ്റ്റ് പൂർത്തിയായി വരുന്നു. |
| തൃശൂർ | 75 | 266 |
| പാലക്കാട് | 80 | 222 |
| മലപ്പുറം | 260 | 506 |
| കോഴിക്കോട് | 100 | 281 |
| വയനാട് | 105 | 171 |
| കണ്ണൂർ | 90 | 135 |
| കാസർഗോഡ് | 80 | 204 |
| **ആകെ** | **1240** | |

സെക്ഷൻ ഓഫീസർ

അനുബന്ധം - 2

അതത് ജില്ലാ കളക്ടറേറ്റ് വഴി ലഭ്യമാകുന്ന അപേക്ഷകളിൽ പ്രാഥമിക പരിശോധനകൾക്ക് ശേഷം അർഹതപ്പെട്ട ഗുണഭോക്താക്കളെ കണ്ടെത്തുന്നതിന് സർക്കാർ ഉത്തരവ് പ്രകാരം അതത് ജില്ലകളിൽ വകുപ്പ് ഡയറക്ടറേറ്റിലെ പ്രോജക്ട് ആഫീസർ ചെയർമാനായുള്ള ജില്ലാതല സെലക്ഷൻ കമ്മിറ്റി അതത് ജില്ലകളിൽ കൂടുകയും അർഹരായ ഗുണഭോക്താക്കളെ കണ്ടെത്തി അപേക്ഷകളിന്മേൽ ഫീൽഡ് വെരിഫിക്കേഷനടക്കമുള്ള നടപടി ക്രമങ്ങൾക്ക് ശിപാർശ ചെയ്യുകയും ചെയ്യുന്നു. തുടർന്ന് ഫീൽഡ് വെരിഫിക്കേഷൻ പൂർത്തിയാകുന്ന മുറയ്ക്ക് ജില്ലകൾ അർഹരായ ഗുണഭോക്താക്കളുടെ അന്തിമലിസ്റ്റ് തയ്യാറാക്കി വകുപ്പ് ഡയറക്ടറുടെ അംഗീകാരത്തോടു കൂടി ടി ലിസ്റ്റിലെ മുൻഗണനാ ക്രമത്തിൽ തെരഞ്ഞെടുക്കുന്ന ഗുണഭോക്താക്കളുമായി കരാർ ഉടമ്പടി ഒപ്പ് വെയ്ക്കുന്നു. തുടർന്ന് ആകെ തുകയുടെ ഒന്നാം ഗഡുവായ 20% തുകയായ 50,000/ രൂപ വീടിന്റെ ബേയ്സ്മെൻറ് പൂർത്തീകരിക്കുന്നതിലേക്കായി മുൻകൂറായി അനുവദിക്കുകയും ആയത് പൂർത്തീകരിച്ച് വില്ലേജ് ആഫീസറുടെ സ്റ്റേജ് സർട്ടിഫിക്കറ്റ് ഹാജരാക്കുന്നതനുസരിച്ച് രണ്ടാം ഗഡുവായ 50% തുകയായ 1,25,000/ രൂപ വീടിന്റെ മേൽക്കൂര വരെയുള്ള നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്നതിലേക്കായി അനുവദിക്കുന്നു. ആയത് പൂർത്തീകരിച്ച് വില്ലേജ് ആഫീസറുടെ സ്റ്റേജ് സർട്ടിഫിക്കറ്റ് ഹാജരാക്കുന്നതോടെ അവസാന ഗഡുവായ 30% തുകയായ 75,000/ രൂപ കക്കൂസ് നിർമ്മാണം, വൈദ്യുതീകരണം, ജനലുകൾ/ വാതിലുകൾ ഉറപ്പിക്കുന്നതടക്കമുള്ള അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിന് അനുവദിക്കുന്നു. ഈ നടപടി ക്രമങ്ങൾ പൂർത്തീകരിച്ച ശേഷം മാത്രമാണ് തെരഞ്ഞെടുക്കപ്പെട്ട ഗുണഭോക്താവിന് മുഴുവൻ ധനസഹായവും ലഭിക്കുന്നത്. ഇതനുസരിച്ച് ജില്ലയ്ക്ക് അനുവദിച്ച വീടുകൾക്ക് ആനുപാതികമായ മുഴുവൻ തുകയും മുൻകൂറായി അതത് ജില്ലാകളക്ടർമാർക്ക് അനുവദിച്ചിട്ടുണ്ട്.

**ലിസ്റ്റ്**

| ക്രമ നം | ജില്ല | അനുവദിച്ച വീടുകളുടെ എണ്ണം | ആകെ തുക |
|---|---|---|---|
| 1 | തിരുവനന്തപുരം | 90 | 225 ലക്ഷം |
| 2 | കൊല്ലം | 70 | 175 ലക്ഷം |
| 3 | പത്തനംതിട്ട | 35 | 87.5 ലക്ഷം |
| 4 | ആലപ്പുഴ | 90 | 225 ലക്ഷം |
| 5 | കോട്ടയം | 50 | 125 ലക്ഷം |
| 6 | ഇടുക്കി | 65 | 162.5 ലക്ഷം |
| 7 | എറണാകുളം | 50 | 125 ലക്ഷം |
| 8 | തൃശൂർ | 75 | 187.5 ലക്ഷം |
| 9 | പാലക്കാട് | 80 | 200 ലക്ഷം |
| 10 | മലപ്പുറം | 260 | 650 ലക്ഷം |
| 11 | കോഴിക്കോട് | 100 | 250 ലക്ഷം |
| 12 | വയനാട് | 105 | 262.5 ലക്ഷം |
| 13 | കണ്ണൂർ | 90 | 225 ലക്ഷം |
| 14 | കാസർഗോഡ് | 80 | 200 ലക്ഷം |
| | **ആകെ** | **1240** | **3100 ലക്ഷം** (മൂവായിരത്തി ഒരുനൂറ് ലക്ഷം രൂപ മാത്രം) |

**സെക്ഷൻ ഓഫീസർ**